നടപ്പിലാക്കിവരുന്നു. ആരോഗ്യ-വിദ്യാഭ്യാസ-കുടിവെള്ള മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. കൂടാതെ സംസ്ഥാനത്താകെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 16 ചെറുകിട പദ്ധതികളും 2014-15 സാമ്പത്തിക വർഷത്തിൽ 42 ചെറുകിട പദ്ധതികളും നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 80 ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 2499 ഭവനങ്ങൾ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിധവ/വിവാഹ മോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കായി നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. പദ്ധതികളൊന്നും തന്നെ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കിയിട്ടുള്ളത്.

(ബി) സംസ്ഥാനത്താകെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 16 ചെറുകിട പദ്ധതികൾക്കായി 400 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 42 ചെറുകിട പദ്ധതികൾക്കായി 780 ലക്ഷം രൂപയും ചെലവഴിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് 1040 ലക്ഷം രൂപ വകയിരുത്തുകയും ആയത് ചെലവഴിക്കുന്നതിനായി 80-ഓളം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ടി പദ്ധതികളൊന്നും തന്നെ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ3 ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 1380 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിലായി 15 ചെറുകിട കുടിവെള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി ടി പദ്ധതി നടപ്പിലാക്കി വരികയാണ്.

അഗ്രോഫ്രൂട്ട് പ്രോഡക്ട്സ്

119 (3322) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിലെ അഗ്രോഫ്രൂട്ട് പ്രൊഡക്ട്സിലെ പരിശീലനകേന്ദ്രത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ടോ; എത്ര കുട്ടികൾ അഡ്മിഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം മേഖലയിലെ പരിശീലനമാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഗ്രോ ഫ്രൂട്ട്സിൽ നിന്നും വിരമിച്ച തൊഴിലാളികളിൽ എത്ര പേർക്ക് ആനുകൂല്യം നൽകാനുണ്ടെന്നും ഇത് ഏതെല്ലാം ഇനത്തിലുള്ളതാണെന്നും വ്യക്തമാക്കുമോ;

(സി) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലിയർ ചെയ്യാത്തതുമൂലം വിരമിച്ച തൊഴിലാളികൾക്ക് ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൊഴിലാളികളുടെ പി.എഫ്. വിഹിതം പിരിച്ച് പി.എഫ്. ഫണ്ടിൽ അടയ്ക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂരിലെ അഗ്രോ ഫ്രൂട്ട് ,പ്രോഡക്ട്സ് കോമ്പൗണ്ടിൽ ആരംഭിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ (അഗ്രോ ഇൻഡസ്ട്രിയൽ ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-AITI) പരിശീലനം ആരംഭിച്ചിട്ടുണ്ട്. "ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ്" എന്ന കേരള സർക്കാരിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച രണ്ട് വർഷത്തെ കെ.ജി.ഡി.ഇ. കോഴ്സാണ് ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ 32 വിദ്യാർത്ഥികളാണ് കോഴ്സിൽ ചേർന്നിട്ടുള്ളത്.

(ബി) അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ നിന്നും വിരമിച്ച 17 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലും ഏൺഡ് ലീവ് സറണ്ടർ ഇനത്തിലുമുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുവാനുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തൊഴിലാളികളുടെ പി.എഫ്. വിഹിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നിറവ് പദ്ധതി

120 (3323) ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly